(സി) സ്ഥലം മാറ്റപ്പെട്ട മാനേജിംഗ് ഡയറക്ടർമാർ ഏതെല്ലാം തീയതികളിലായി എത്ര റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടായിരുന്നു ?

ഉത്തരം

(എ) കൺസ്യൂമർഫെഡ് ഭരണ സമിതിയുടെ നേതൃത്വത്തിൽ നടന്ന അഴിമതികൾ സംബന്ധിച്ച് മാനേജിംഗ് ഡയറക്ടർ നൽകിയ പരാതികളിന്മേൽ വിജിലൻസ് വകുപ്പും സഹകരണ വകുപ്പുതലത്തിലും അന്വേഷണം നടന്നുവരുന്നു.

(ബി) കൺസ്യൂമർഫെഡിന്റെ സുഗമമായ പ്രവർത്തനം ഉറപ്പു വരുത്തുന്നതിനായി 10-9-2015-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 6738/2015/ ജി.എ.ഡി. നമ്പർ ഉത്തരവ് പ്രകാരം കൺസ്യൂമർ ഫെഡറേഷന്റെ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതലയിൽനിന്നും ശ്രീ. ടോമിൻ തച്ചങ്കരിയെ ഒഴിവാക്കിയിട്ടുണ്ട്. കൺസ്യൂമർ ഫെഡിലെ ക്രമക്കേടുകളിന്മേലുള്ള റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങൾകൂടി ഉൾപ്പെടുത്തിയുള്ള വിശദമായ വകുപ്പുതല അന്വേഷണം പുരോഗമിച്ചുവരുന്നു.

(സി) 22-5-2015, 29-5-2015, 4-6-2015, 23-6-2015, 26-6-2015, 27-7-2015, 25-8-2015 എന്നീ തീയതികളിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

കൺസ്യൂമർഫെഡിലെ നടന്നതായ ക്രമക്കേടുകൾ

188 (555) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർഫെഡിൽ നടന്നതായ ക്രമക്കേടുകൾ സംബന്ധിച്ച് സഹകരണ രജിസ്ട്രാർ നിയമാനുസൃതം നടത്തിയ നടപടികൾ എന്തെല്ലാമാണ് ; അന്വേഷണത്തിന് ഉത്തരവിടുകയുണ്ടായെങ്കിൽ എപ്പോഴാണെന്നും അന്വേഷണ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി എന്താണെന്നും വ്യക്തമാക്കുമോ ; ഭരണ സമിതിയെ പിരിച്ച് വിടാൻ നടപടി സ്വീകരിക്കുകയുണ്ടായെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(ബി) കൺസ്യൂമർഫെഡിന്റെ തന്നെ ഉപസമിതിയുടെ അന്വേഷണ റിപ്പോർട്ടും, വിജിലൻസ് അന്വേഷണത്തിലെ കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ സഹകരണ രജിസ്ട്രാറും, സർക്കാരും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ഒരു സഹകരണ സ്ഥാപനത്തിൽ ഇരുതരമായ ക്രമക്കേടുകൾ, റിപ്പോർട്ട് ചെയ്യപ്പെട്ടാൽ രജിസ്ട്രാർ നിയമാനുസൃതം സ്വീകരിക്കേണ്ടുന്ന നടപടികൾ എന്തെല്ലാമാണ് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൺസ്യൂമർഫെഡിൽ നടന്നതായ ക്രമക്കേടുകൾ സംബന്ധിച്ച് കേരള സഹകരണ സംഘം നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിന് 25-9-2015-ൽ സഹകരണ സംഘം രജിസ്ട്രാർ ഉത്തരവിടുകയും അന്വേഷണം നടന്നുവരികയുമാണ്. കേരള സഹകരണ സംഘം നിയമം, ചട്ടം, ബൈലോ വ്യവസ്ഥകൾ എന്നിവയ്ക്കനുസൃതമായ ഉത്തരവാദിത്വങ്ങളും ചുമതലകളും നിറവേറ്റുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുള്ളതായി പ്രാഥമിക അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ നിയമ വ്യവസ്ഥ പ്രകാരം നിലവിലുള്ള ഭരണ സമിതിയെ സസ്പെന്റ് ചെയ്യുകയുമാണുണ്ടായത്.

(ബി) സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ വിജിലൻസ് വിഭാഗത്തിലെയും ഇൻസ്പെക്ഷൻ സെല്ലിലെയും ഡെപ്യൂട്ടി രജിസ്ട്രാർമാരെ കൺസ്യൂമർ ഫെഡറേഷനിൽ പരിശോധന നടത്തുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ നിയോഗിക്കുകയും പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൺസ്യൂമർ ഫെഡറേഷനിൽ കണ്ടെത്തിയ ന്യൂനതകൾ ഗുരുതര സ്വഭാവമുള്ളതാകയാൽ കൂടുതൽ വിശദമായ പരിശോധനയ്ക്കായി കേരള സഹകരണ സംഘം നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തുന്നതിന് ഉത്തരവാകുകയും അപ്രകാരം അന്വേഷണം നടന്നുവരികയുമാണ്.

(സി) ഒരു സഹകരണ സ്ഥാപനത്തിൽ ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ സ്വന്തമായോ, ലിഖിതമായോ ഒരു ഉത്തരവിലൂടെ ചുമതല പ്പെടുത്തുന്ന ഉദ്യോഗസ്ഥനിലൂടെയോ, ആ സംഘത്തിന്റെ ഘടന, പ്രവർത്തനം, സാമ്പത്തിക സ്ഥിതി എന്നിവയെ സംബന്ധിച്ചും പ്രത്യേകം ശ്രദ്ധയിൽ കൊണ്ടുവരേണ്ട വിഷയങ്ങൾ ഉണ്ടെങ്കിൽ അവയെ സംബന്ധിച്ചും സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണമോ, വകുപ്പ് 66 പ്രകാരമുള്ള പരിശോധനയോ നടത്താവുന്നതും ടി അന്വേഷണ/പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ കൈക്കൊള്ളാവുന്നതുമാണ്.

കൺസ്യൂമർഫെഡിന്റെ പ്രവർത്തനം

189 (556) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക വർഷം തിരിച്ച് ലഭ്യമാക്കുമോ;